14-ാം കേരള നിയമ സഭ

1-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1409 13.07.2016-ൽ മറുപടിയ്ക്ക്

## ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എം.ആരിഫ് : | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ ഏകീകൃത മെഡിക്കൽ പ്രാക്ടീഷണനേഴ്സ് ബിൽ നടപ്പാക്കണമെന്ന് ഐ.എച്ച്.കെ തുടങ്ങിയ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ; | (എ) കേരളത്തിൽ ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ നടപ്പാക്കണമെന്ന് ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | വിവിധ വൈദ്യശാസ്ത്ര മേഖലകളിൽ ഉള്ള വിവിധ ചികിത്സാ ശാഖകളിൽ അംഗീകൃത യോഗ്യത ഇല്ലാതെ ചികിത്സ നടത്തുന്നതിന് പ്രത്യേക അനുമതി പത്രം കൊടുക്കുന്നതിന് വ്യവസ്ഥയുണ്ടോ ; എങ്കിൽ ഇപ്രകാരം ചികിത്സാരംഗം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) അംഗീകൃത യോഗ്യതയില്ലാതെ ചികിത്സ നടത്തുന്നതിന് നിലവിൽ വ്യവസ്ഥകളില്ല. ചികിത്സാരംഗം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടി ശുപാർശ ചെയ്യാറുണ്ട്. |
| (സി) | ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ ആക്ട് പ്രകാരം അനുമതി പത്രം ലഭിച്ചിട്ടുള്ളവർക്ക് ചികിത്സ നടത്തുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ പ്രായപരിധി കഴിഞ്ഞതും യോഗ്യത ഇല്ലാത്തതുമായ ആളുകൾ ചികിത്സ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. യോഗ്യതയില്ലാതെ ചികിത്സ നടത്തുന്നവർക്കെതിരെ ലഭിക്കുന്ന പരാതി ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി പോലീസ് അധികാരികൾക്ക് കൈമാറാറുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിക്കുന്നതിന് മുൻ സർക്കാർ ഒരു സമിതി രൂപീകരിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടി- | (ഡി) 16.04.2010 ലെ സ.ഉ. സാധാ നം.1617/2010/ആകുവ നമ്പർ ഉത്തരവ് പ്രകാരം ആയുർവ്വേദം, ഹോമിയോ എന്നീ |

ട്ടുണ്ടോ; ആരൊക്കെയായിരുന്നു സമിതി അംഗങ്ങൾ എന്നും ഇവരുടെ നിർദ്ദേശങ്ങൾ എന്തൊക്കെയായിരിന്നു എന്നും വ്യക്തമാക്കുമോ ; ഏകീകൃത മെഡിക്കൽ പ്രാക്ടീഷണനേഴ്സ് നിയമം നടപ്പിലാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ചികിത്സാ സമ്പ്രദായങ്ങൾക്ക് പ്രത്യേകമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത സമിതികളുടെ നിർദ്ദേശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**